**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150** **28-07-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. ആന്റണി ജോൺ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതവും അഴിമതിരഹിതവുമായി ലഭിക്കുന്നുവെന്നുറപ്പാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; | (എ) | സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനായി ILGMS എന്ന പേരിൽ ഒരു ഏകീകൃത സോഫ്റ്റ് വെയർ IKM വികസിപ്പിച്ചിട്ടുണ്ട്. ILGMS വിന്യസിച്ച 153 ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കേണ്ട 213 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും, നികുതിയും ഫീസുകളും അടവാക്കുന്നതിനും, സേവനം കൈപ്പറ്റുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് വിന്യസിക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സേവനാവകാശ നിയമ പ്രകാരം സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനുള്ള നിർദ്ദേശം എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. തദ്ദേശസ്ഥാപന ഓഫീസിൽ നേരിട്ട് അപേക്ഷ നൽകുന്നവർക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും വിവിധയിനം ഫീസുകൾ, നികുതികൾ എന്നിവ ഒടുക്കുന്നതിനും അവയുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ അപേക്ഷയും അംഗീകാര സംവിധാനവും മെച്ചപ്പെടുത്തുന്നതിലേക്ക് IBPMS എന്ന ഇന്റലിജന്റ് സോഫ്റ്റ് വെയർ സംവിധാനം നിലവിൽ വന്നു കഴിഞ്ഞു. പെർഫോമൻസ്ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | സംവിധാനവും ലോക്കൽ ഫണ്ട് ഓഡിറ്റും എജി (ലോക്കൽ ബോഡി) ഓഡിറ്റും നിലവിലുണ്ട്. |
| (ബി) | പാവപ്പെട്ടവർ നേരിട്ടിരുന്ന ഏറ്റവും പ്രധാന പ്രശ്നങ്ങളിലൊന്നായിരുന്ന സമയബന്ധിതമായി കെട്ടിട പെർമിറ്റ് ലഭിക്കാത്ത പ്രശ്നം പരിഹരിക്കാൻ സ്വയം സാക്ഷ്യപ്പെടുത്തലോടെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. കുറഞ്ഞ അപകടസാധ്യതയുള്ള വിഭാഗത്തിൽ (Low Risk Building) ഉൾപ്പെട്ടിട്ടുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് (300 ച.മീ വരെ വിസ്തൃതിയുള്ള ഗാർഹിക കെട്ടിടങ്ങൾ, 100 ച.മീ വരെ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങൾ, 200 ച.മീ വരെ വിസ്തൃതിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, മതപരമായ കെട്ടിടങ്ങൾ, വൃദ്ധസദനങ്ങൾ) നിലവിലുള്ള നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമാണ് എന്നുള്ള കെട്ടിട ഉടമയും എംപാനൽഡ് ലൈസൻസിയും സംയുക്തമായി നൽകുന്ന സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിന് 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ടിലും 1994 ലെ പഞ്ചായത്ത് രാജ് ആക്ടിലും ഭേദഗതി വരുത്തി (2021 ലെ ഭേദഗതി ചട്ടങ്ങൾ) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഐ.എസ്.ഒ. നിലവാരത്തിലേക്കുയർത്താനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ? | (സി) | നിലവിൽ 939 ഗ്രാമപഞ്ചായത്തുകൾക്കും 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്. ഇടമലക്കുടി, തലവടി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടങ്ങളുടെ അപര്യാപ്തത കാരണം ISO അംഗീകാരം ലഭിച്ചിട്ടില്ല. നിലവിൽ ISO അംഗീകാരം ലഭിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ ISO അംഗീകാരം തുടർന്നും നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിലെ നഗരസഭകൾക്ക് ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ